




| എ.വൈ.ആർ


സൂറ-17

# അൽ ഇസ്റാഅ്

18. ക്ഷിപ്രലാഭം മാത്രം മോഹിക്കുന്നവന് നാം അതിവിടെ ക്ഷണത്തിൽ നൽകുന്നു; നാം ഉദ്ദേശിച്ചതും ഉദ്ദേശിച്ചവർക്കും മാത്രം. അനന്തരം നാം അവന് നരകം വിധിക്കുന്നു. അധിക്ഷിപ്തനും പരിത്യക്തനുമായി അവനതിൽ എരിയും.

مَّن كَانَ يُرِيدُ ٱلْعَاجِلَةَ عَجَّلْنَا لَهُۥ فِيهَا مَا نَشَآءُ لِمَن نُّرِيدُ ثُمَّ جَعَلْنَا لَهُۥ جَهَنَّمَ يَصْلَىٰهَا مَذْمُومًا مَّدْحُورًا ﴿١٨﴾

19. സ്ഥായിയായ ലാഭം മോഹിക്കുകയും സത്യവിശ്വാസിയായിക്കൊണ്ട് അതിനാവശ്യമായ പ്രയത്നത്തിലേർപെടുകയും ചെയ്തവനോ, അത്തരക്കാരുടെ പ്രയത്നമത്രെ പരലോകത്ത് നന്ദിയർഹിക്കുന്നത്.

وَمَنْ أَرَادَ ٱلْـَٔاخِرَةَ وَسَعَىٰ لَهَا سَعْيَهَا وَهُوَ مُؤْمِنٌ فَأُو۟لَـٰٓئِكَ كَانَ سَعْيُهُم مَّشْكُورًا ﴿١٩﴾

20. എന്നാൽ ഇക്കൂട്ടരെയും അക്കൂട്ടരെയുമെല്ലാം നിന്റെ നാഥന്റെ ദാനങ്ങളാൽ നാം സഹായിച്ചു കൊണ്ടിരിക്കും. നിന്റെ നാഥന്റെ ദാനം ആർക്കും വിലക്കപ്പെടുന്നില്ല.

كُلًّا نُّمِدُّ هَـٰٓؤُلَآءِ وَهَـٰٓؤُلَآءِ مِنْ عَطَآءِ رَبِّكَ ۚ وَمَا كَانَ عَطَآءُ رَبِّكَ مَحْظُورًا ﴿٢٠﴾

21. ഈ ലോകത്തു നാം ചിലരെ മറ്റു ചിലരെക്കാൾ എവ്വിധം അനുഗ്രഹിച്ചിരിക്കുന്നുവെന്ന് നോക്കുക. എന്നാൽ പരലോകത്തത്രെ ഏറ്റം മഹത്തായ പദവികളും ശ്രേഷ്ഠതയുമുള്ളത്.

ٱنظُرْ كَيْفَ فَضَّلْنَا بَعْضَهُمْ عَلَىٰ بَعْضٍ ۚ وَلَلْـَٔاخِرَةُ أَكْبَرُ دَرَجَـٰتٍ وَأَكْبَرُ تَفْضِيلًا ﴿٢١﴾

22. അല്ലാഹുവിന്റെ കൂടെ നീ ഇതര ദൈവത്തെ സ്വീകരിച്ചുകൂടാ. അങ്ങനെ ചെയ്താൽ നീ അധിക്ഷിപ്തനും ഒറ്റപ്പെടുത്തപ്പെട്ടവനുമായി ഇരുന്നു പോകും.

لَّا تَجْعَلْ مَعَ ٱللَّهِ إِلَـٰهًا ءَاخَرَ فَتَقْعُدَ مَذْمُومًا مَّخْذُولًا ﴿٢٢﴾

مَّن كَانَ يُرِيدُ = മോഹിക്കുന്നവ(ൻ)രായവർ ٱلْعَاجِلَةَ = ക്ഷണികമായത്, (ക്ഷിപ്ര ലാഭം)

عَجَّلْنَا لَهُۥ = നാം അവനു ധൃതിപ്പെടുന്നു(ക്ഷണത്തിൽ നൽകുന്നു) فِيهَا = അതിൽ(അത് ഇവിടെ)

مَا نَشَآءُ = നാം ഉദ്ദേശിക്കുന്നത്(തും) لِمَن نُّرِيدُ = നാം ഉദ്ദേശിച്ചവ(ന്നും മാത്രം)

ثُمَّ جَعَلْنَا لَهُۥ = അനന്തരം നാം അവന്ന് ആക്കുന്നു(വിധിക്കുന്നു) جَهَنَّمَ = നരകം

يَصْلَىٰهَا = അതിനെ(അതിൽ) അവൻ എരി(യും)യിക്കും مَذْمُومًا = അധിക്ഷിപ്തനായി(ട്ടും)

مَّدْحُورًا = ആട്ടിയകറ്റപ്പെട്ടവ(പരിത്യക്ത)നായിട്ട്

وَمَنْ أَرَادَ ٱلْـَٔاخِرَةَ = പരലോകം ഉദ്ദേശിച്ചവൻ(സ്ഥായിയായ ലാഭം മോഹിക്കുകയും)

وَسَعَىٰ لَهَا سَعْيَهَا = അതിനുവേണ്ടി(ആവശ്യമായ) അതിന്റെ പ്രയത്നം പ്രയത്നിക്കുകയും ചെയ്തവൻ

وَهُوَ مُؤْمِنٌ = അവൻ സത്യവിശ്വാസിയായിക്കൊണ്ട് فَأُو۟لَـٰٓئِكَ = അത്തരക്കാർ

അവരുടെ പ്രയത്നം(മത്രെ) ആയിരിക്കുന്നു = كَانَ سَعْيُهُم

مَّشْكُورًا = (നന്ദിയർഹിക്കുന്നത്) നന്ദി ചെയ്യപ്പെടുന്നത്, വിലമതിക്കപ്പെടുന്നത് كُلًّا = എല്ലാം نُّمِدُّ = നാം സഹായിക്കുന്നു

هَٰؤُلَاءِ وَهَٰؤُلَاءِ = ഇക്കൂട്ടരെയും അക്കൂട്ടരെയും مِنْ عَطَاءِ رَبِّكَ = നിന്റെ നാഥന്റെ ദാനത്താൽ

وَمَا كَانَ عَطَاءُ رَبِّكَ = നിന്റെ നാഥന്റെ ദാനം അല്ല مَحْظُورًا = വിലക്കപ്പെട്ടത് (ആർക്കും വിലക്കപ്പെടുന്നില്ല)

انظُرْ = നീ നോക്കുക كَيْفَ فَضَّلْنَا = നാം എവ്വിധം അനുഗ്രഹിച്ചിരിക്കുന്നുവെന്ന്

بَعْضَهُمْ عَلَىٰ بَعْضٍ = അവരിൽ ചിലരെ ചിലരെക്കാൾ وَلَلْآخِرَةُ = (എന്നാൽ) പരലോകം തന്നെ(പരലോകത്തത്രെ)

أَكْبَرُ دَرَجَاتٍ = ഏറ്റം മഹത്തായ പദവികൾ وَأَكْبَرُ تَفْضِيلًا = ഏറ്റം മഹത്തായ ശ്രേഷ്ഠമാക്കലും(ശ്രേഷ്ഠതയുള്ളത്)

لَّا تَجْعَلْ = നീ ആക്കരുത്(സ്വീകരിച്ചു കൂടാ) مَعَ اللَّهِ = അല്ലാഹുവിന്റെ കൂടെ إِلَٰهًا آخَرَ = ഇതര ദൈവത്തെ

فَتَقْعُدَ = അപ്പോൾ (അങ്ങനെ ചെയ്താൽ നീ ഇരുന്നു പോകും) مَذْمُومًا = അധിക്ഷിപ്തനായി(യും)

مَّخْذُولًا = ഒറ്റപ്പെടുത്തപ്പെട്ടവനായും

**18.** عاجل ന്റെ അർഥം നേരത്തെ 11-ാം സൂക്തത്തിനു താഴെ വിശദീകരിച്ചിരിക്കുന്നു. സ്ഥായിയായ പരലോകത്തിന്റെ വിപരീതമായ ഭൗതികലോകത്തെ ഉദ്ദേശിച്ചാണ് ഇവിടെ അതുപയോഗിച്ചിരിക്കുന്നത്. ഇഹലോകവും അതിലെ സുഖദുഃഖങ്ങളും ക്ഷണികമാണല്ലോ. ഭൗതിക ലോകത്തു നടത്തപ്പെടുന്ന പ്രവർത്തനങ്ങളെല്ലാം ഈ ലോകത്തു തന്നെ എത്രയും പെട്ടെന്ന് ഫലം ലഭിക്കണമെന്നുദ്ദേശിച്ചുകൊണ്ടുള്ളതാണ്. ആ നിലക്ക് عاجلة ആഗ്രഹിക്കുകയെന്നാൽ തൽക്ഷണഫലം ആഗ്രഹിക്കലുമാകുന്നു. മരണാനന്തര ജീവിതം, പരലോകം എന്നീ അർഥങ്ങളിൽ ഉപയോഗിക്കുന്ന പദമാണ് الآخرة. ഇത് آخِر ൽ നിന്നുള്ളതുമാകാം. വേറൊന്ന്, മറ്റേത്, അപരം തുടങ്ങിയവയാണ് آخَر. മറ്റൊരാൾ رجل آخَر. അവസാനത്തെ ആളാണ് آخِر الرّجل. ഈ ലോകം അവസാനിച്ച ശേഷമുള്ള ലോകം എന്ന അർഥത്തിൽ الآخرة നെ എടുത്താൽ അത് آخِر ൽ നിന്നുള്ളതും മറുലോകം പരലോകം എന്ന അർഥത്തിലെടുത്താൽ آخَر ൽ നിന്നുള്ളതുമാകുന്നു. പരലോകത്തെ നേട്ടങ്ങളും സുഖദുഃഖങ്ങളും അവസാനമില്ലാതെ സ്ഥായിയായി നിലനിൽക്കുന്നതാണ്. അതിനാൽ عاجلة ന്റെ വിപരീതമായി آخرة ഉപയോഗിക്കുമ്പോൾ ഭാവിയിൽ ലഭിക്കുന്നതും സ്ഥായിയായി നിലനിൽക്കുന്നതുമായ ഫലം എന്ന അർഥവും അതിനുണ്ട്.

ഇഹലോകത്ത് മനുഷ്യർ ശിക്ഷിക്കപ്പെടുന്നതിലുള്ള അല്ലാഹുവിന്റെ നടപടി ക്രമമാണല്ലോ മുൻ സൂക്തങ്ങളിൽ സൂചിപ്പിച്ചത്. തുടർന്ന് പരലോകത്ത് അവർ ശിക്ഷാർഹരാകുന്നതിനെക്കുറിച്ചു പറയുകയാണ്:

ഈ ലോകത്ത് ഭൗതികലാഭം മോഹിച്ചു പ്രവർത്തിക്കുന്നവർക്ക് അല്ലാഹു അവർ തേടുന്ന സുഖങ്ങളും നേട്ടങ്ങളും നൽകിക്കൊണ്ടിരിക്കും. എന്നാൽ എല്ലാ മനുഷ്യരുടെയും എല്ലാ കാമനകളും ഒരുപോലെ സഫലമാക്കിക്കൊടുക്കുന്നില്ല. അല്ലാഹു ഉദ്ദേശിക്കുന്നവർക്ക് ഉദ്ദേശിക്കുന്നത്രയേ സഫലമാക്കിക്കൊടുക്കൂ. മനുഷ്യന്റെ ഭൗതിക ജീവിതം ഒരു പരീക്ഷണമാണ്. വൈവിധ്യമാർന്നതാണ് അവന്റെ പ്രവർത്തനങ്ങൾ. ആഗ്രഹാഭിലാഷത്തിനും അതിന്റെ ഫലപ്രാപ്തിക്കും അല്ലാഹു ചില നിയമങ്ങൾ നിശ്ചയിച്ചു വെച്ചിട്ടുണ്ട്. ആ നിയമം അനുസരിച്ചായിരിക്കും പ്രയത്നങ്ങളുടെ ഫലസിദ്ധി. ഇതിനെക്കുറിച്ചാണ് നാം ഉദ്ദേശിക്കുന്നവർക്കും ഉദ്ദേശിച്ചതും മാത്രം എന്നു പറഞ്ഞത്. മനുഷ്യന്റെ മോഹങ്ങൾ സഫലമാകുന്നത് പ്രത്യക്ഷത്തിൽ അവന്റെ പ്രയത്നം കൊണ്ടാണെങ്കിലും അത് അല്ലാഹു നൽകിയ കഴിവുകളാലും അവൻ നിശ്ചയിച്ച നിയമങ്ങളാലുമാണ്. ആ നിലക്ക് അല്ലാഹു തന്നെയാണ് പ്രയത്നസാഫല്യം നൽകുന്നത്. എത്രയൊക്കെ ആത്മാർഥമായും ആസൂത്രിതമായും ശ്രമിച്ചാലും ചിലപ്പോൾ ചിലയാളുകൾക്ക് ലക്ഷ്യം നേടാനാകുന്നില്ല. അത്രയൊന്നും ആസൂത്രണം ചെയ്യുകയോ ഉത്സാഹിക്കുകയോ ചെയ്യാതെ തന്നെ ചിലർക്ക് അവരുടെ ലക്ഷ്യങ്ങൾ അവരുദ്ദേശിച്ചതിനെക്കാൾ ഭംഗിയായും എളുപ്പത്തിലും നേടാൻ സാധിക്കുന്നു. അല്ലാഹു അവനുദ്ദേശിച്ചവർക്ക് ഉദ്ദേശിച്ചതുപോലെ കൊടുക്കുന്നു. ഇഴപിരിച്ചു പരിശോധിച്ചു നോക്കിയാൽ എല്ലാ ലാഭചേതങ്ങളും അല്ലാഹു നിശ്ചയിച്ച പ്രകൃതി നിയമമനുസരിച്ചുള്ളവയായതായിരിക്കുകയും ചെയ്യും. വിശ്വാസിക്കും അവിശ്വാസിക്കും സന്മാർഗിക്കും ദുർമാർഗിക്കും എല്ലാം ഈ നിയമങ്ങൾ ഒരുപോലെ ബാധകമാകുന്നു. അല്ലാഹു ശിഷ്ടജനങ്ങളോടെന്നപോലെ ദുഷ്ടജനങ്ങളോടും അപാരമായ കാരുണ്യമുള്ളവനായതുകൊണ്ടാണ് ഈ ലോകത്തു എല്ലാവർക്കും ഒരേ കർമഫലവ്യവസ്ഥ നിശ്ചയിച്ചത്. മഴ പെയ്താൽ സന്മാർഗികൾക്കു മാത്രം വെള്ളം, സൂര്യനുദിച്ചാൽ സന്മാർഗികൾക്കു മാത്രം വെളിച്ചം അങ്ങനെയായിരുന്നു ദൈവിക നിയമമെങ്കിൽ എന്തായിരിക്കും അവസ്ഥ!

عَجَّلْنَا لَهُ ന്റെ ഭാഷാർഥം നാം അവന് ധൃതിപ്പെട്ട്, അല്ലെങ്കിൽ ഉടനടി നൽകുന്നു എന്നാണ്. ഭൗതിക ലാഭം മോഹിക്കുന്നവർക്ക് ഉടനടി അതു സാധിച്ചു കൊടുക്കുന്നു എന്നല്ല ഇതിന്റെ താൽപര്യം. ഈ ലോകത്തുതന്നെ കൊടുക്കുന്നു എന്നാണ്. മോഹങ്ങളും പ്രവർത്തനങ്ങളും പ്രകൃതി നിയമമനുസരിച്ച് ഉടനെ സഫലമാകുന്നതും വളരെക്കാലം കഴിഞ്ഞ് സഫലമാകുന്നതുമുണ്ട്. കണ്ണു തുറന്നാൽ കാഴ്ചയുണ്ടാകുന്നതുപോലെയും വെള്ളം കുടിച്ചാൽ ദാഹം ശമിക്കുന്നതുപോലെയും കാത്തിരിപ്പ് ഒട്ടും ആവശ്യമില്ലാത്തതാണ് ചിലത്. ഒരു വൃക്ഷം നട്ടാൽ ഫലം കായ്ക്കാനും കുഞ്ഞു പിറന്നാൽ അവൻ യുവാവാകാനും വളരെക്കാലം കാത്തിരിക്കണം. ഈ ലോകത്തുതന്നെ ലഭിക്കുന്നതായതിനാൽ ഈ രണ്ടുതരം ഫലങ്ങളും ഉടനടി ലഭിക്കുന്നതു തന്നെയാണ്. പ്രകൃതി വ്യവസ്ഥയിൽ ഒന്നിന്റെ പ്രക്രിയ ഹ്രസ്വവും മറ്റേതിന്റേത് ദീർഘിച്ചതുമാണെന്നേയുള്ളൂ.

അല്ലാഹുവിനെയും അവന്റെ ധർമശാസനങ്ങളെയും പരലോകത്തെയും നിഷേധിക്കുന്നവരുടെ ആഗ്രഹവും പ്രവർത്തന ലക്ഷ്യവും ഭൗതികജീവിതത്തിന്റെ സുഖങ്ങളും നേട്ടങ്ങളും മാത്രമായിരിക്കും. അത്തരക്കാർക്ക് പരലോക

സൗഭാഗ്യത്തിൽ യാതൊരു വിഹിതവുമുണ്ടായിരിക്കുകയില്ല. കർമങ്ങൾക്ക് ക്ഷണികവും عاجلة സ്ഥായിയും آجلة അഥവാ آخِرة ഉം ആയ രണ്ടുതരം ഫലങ്ങളുണ്ട്. പരലോകത്തിന്റെ സൗഭാഗ്യങ്ങൾ ലഭിക്കാത്തവരും آجلة ൽ നിന്ന്-സ്ഥായിയായ ഫലത്തിൽ നിന്നു മുക്തരാകുന്നില്ല. അവരുടെ آخرة നരകമായിരിക്കും. ഭൗതിക ലോകത്തു നേടിയ സമ്പത്തും സ്വാധീനവും പ്രതാപവും അധികാരപദവികളുമൊന്നും അവിടെ അവർക്ക ശേഷം ഉപകാരപ്പെടുകയില്ല. സർവരാലും നിന്ദിക്കപ്പെട്ടവരും ആട്ടിയകറ്റപ്പെട്ടവരുമായി അവർക്ക് നരകത്തിൽ എരിയേണ്ടി വരും.

**19.** അല്ലാഹുവിലും അവന്റെ ശാസനങ്ങളിലും പരലോകത്തിലും വിശ്വസിച്ചുകൊണ്ട് മരണാനന്തരം ലഭിക്കുന്ന സ്ഥായിയായ ഫലം മോഹിച്ച് അതിനുചിതമായ പ്രയത്നങ്ങളിലേർപ്പെട്ടവരാണ് യഥാർഥ ലക്ഷ്യം തേടുന്നവരും നേടുന്നവരും. അവരുടെ പ്രയത്നങ്ങൾ അല്ലാഹുവിങ്കൽ സ്വീകാര്യമാകുന്നു. അത്തരക്കാർ ഭൗതിക ലാഭമുദ്ദേശിച്ചു നടത്തിയ പ്രയത്നങ്ങൾക്കും അർഹിക്കുന്ന ഫലമുണ്ടാകും.

സൂക്തത്തിലെ وَسَعَىٰ لَهَا سَعْيَهَا وَهُوَ مُؤْمِنٌ സത്യവിശ്വാസിയായിക്കൊണ്ട് അതിനുവേണ്ട പ്രയത്നം പ്രയത്നിക്കുകയും ചെയ്തവൻ - എന്ന വാക്യം സവിശേഷ ശ്രദ്ധയർഹിക്കുന്നു. പരലോക വിജയം കേവലം ആഗ്രഹം കൊണ്ട് ലഭിക്കുന്നതല്ല. അതിന് ഉചിതമായ കർമജീവിതം കൈക്കൊള്ളേണ്ടതുണ്ട്. سعي നിന്നുള്ള ക്രിയയാണ് سعى. ഓട്ടത്തിനും നടത്തത്തിനുമിടയിലുള്ള ചലനമാണത്. കഠിനവും എന്നാൽ ദുസ്സഹമല്ലാത്തതുമായ പ്രയത്നത്തെ ഉദ്ദേശിച്ച് ഉപയോഗിച്ചു വരുന്നു. പരലോകം മോഹിക്കുന്നവർ അലസമായി വല്ലതുമൊക്കെ ചെയ്താൽ പോരാ, ഭൗതികാവശ്യങ്ങളെല്ലാം പൂർത്തീകരിച്ച ശേഷം ഒഴിവു വേളയിൽ നടത്താനുള്ള പ്രവർത്തനവുമല്ല അത്. പരലോക നേട്ടം മുഖ്യ ആഗ്രഹമാണെങ്കിൽ മുഖ്യപ്രയത്നവും അതിനുവേണ്ടിയായിരിക്കണം. ആ പ്രവർത്തനം അതിനുവേണ്ടി നിശ്ചയിക്കപ്പെട്ടതു തന്നെ ആയിരിക്കുകയും വേണം, അഥവാ അല്ലാഹുവിന്റെ വേദവും ദൂതനും അനുശാസിച്ച മട്ടിലായിരിക്കണം. സർവോപരി ഏകനായ അല്ലാഹുവിലും അവന്റെ ദൂതനിലും വേദത്തിലും വിശ്വസിക്കുന്നവനും ആയിരിക്കേണ്ടതാകുന്നു. സത്യവിശ്വാസം പൂർണമാണെങ്കിൽ കർമവശാൽ വന്നുപോകുന്ന വീഴ്ചകൾ പരിഹരിക്കപ്പെടുന്നതാണ്. വിശ്വാസം അപൂർണമോ വികലമോ ആണെങ്കിൽ പ്രയത്നങ്ങളുടെ ആധിക്യമോ ചടുലതയോ അതിനു പരിഹാരമാവുകയില്ല. വിശ്വാസം വികലമായവർക്ക് പരലോകത്തിനുവേണ്ടിയുള്ള കുറ്റമറ്റ പ്രയത്നം അസാധ്യമാകുന്നു. വിശ്വാസത്തിൽ ശിർക്ക്-ബഹുദൈവത്വം കലർന്നാൽ കർമങ്ങളെയും അതു മലിനമാക്കും. ഉറച്ച സത്യവിശ്വാസത്തിന്റെയും സമുചിതമായ അധ്വാനപരിശ്രമങ്ങളുടെയും അകമ്പടിയില്ലാത്ത പാരത്രിക മോക്ഷ മോഹം നിഷ്ഫലമാകുന്നു.

നന്ദി പ്രകടിപ്പിക്കപ്പെടുന്നതും നന്ദിയർഹിക്കുന്നതുമാണ് مَّشْكُورًا. മറ്റൊരാളിൽ നിന്ന് ഒരു സഹായം ലഭിച്ചാൽ സഹായം ലഭിച്ചയാളിന് സഹായിച്ചയാളോടും തോന്നുന്ന വികാരമാണ് പൊതുവായ അർഥത്തിൽ شكر. തങ്ങളുടെ കൽപന യഥാവിധി അനുസരിക്കുന്ന കീഴാളരോട് ഉന്നതന്മാർക്കുണ്ടാകുന്ന പ്രീതിയെയും شكر -നന്ദി എന്നു പറയും. അവരുടെ അനുസരണം മൂലം ഉന്നതന്മാർക്ക് നേട്ടമുണ്ടാകുന്നതു കൊണ്ടല്ല. അതിന്റെ നേട്ടം ചിലപ്പോൾ കീഴാളർക്കു തന്നെ ആണെങ്കിലും തങ്ങൾ അനുസരിക്കപ്പെട്ടതിന്റെ പേരിൽ അവർ നന്ദി പ്രകടിപ്പിക്കുന്നു. ഈ അർഥത്തിലാണ് അല്ലാഹു അടിമകളോട് നന്ദിയുള്ളവൻ شاكر ആകുന്നത്. ഈ സൂക്തത്തിലെ مشكور ന്ന് വ്യാഖ്യാതാക്കൾ പ്രശംസനീയം, വിലമതിക്കപ്പെടുന്നത്/സ്വീകാര്യമാകുന്നത് എന്നിങ്ങനെയും അർഥം നൽകിയിട്ടുണ്ട്.

**20.** അതായത് മുകളിൽ പറഞ്ഞ ഭൗതിക ലാഭം മാത്രം കാംക്ഷിക്കുന്ന വിഭാഗത്തെയും പാരത്രിക വിജയം കാംക്ഷിച്ച് അതിനുവേണ്ടി പ്രയത്നിക്കുന്ന വിഭാഗത്തെയും അല്ലാഹു അവന്റെ ഔദാര്യത്താൽ സഹായിക്കുന്നുണ്ട്. ഭൗതിക ലാഭങ്ങളിൽ ആർത്തിപൂണ്ട് രാപ്പകൽ അതിനുവേണ്ടിയുള്ള പ്രവർത്തനത്തിൽ മാത്രം നിരതരായവർക്കും അവരുടെ ജീവിതാവശ്യങ്ങൾക്കു വേണ്ടതൊക്കെയും അവൻ കണക്കാക്കിയ രീതിയിൽ നൽകിക്കൊണ്ടിരിക്കുന്നു. അല്ലാഹുവിനെയും പരലോകത്തെയും മറന്നതിന്റെ പേരിൽ ആർക്കും ജീവിതവിഭവങ്ങൾ വിലക്കിയിട്ടില്ല. പാരത്രിക വിജയത്തിന് പ്രാധാന്യം നൽകി ഭൗതിക നേട്ടങ്ങൾ അവഗണിച്ചതിന്റെ പേരിൽ പരലോകം മോഹിക്കുന്നവർക്കും ഭൗതിക വിഭവങ്ങളൊന്നും വിലക്കിയിട്ടില്ല. അവർക്കു വിധിച്ചത് അവർക്കും നൽകിവരുന്നുണ്ട്. ഈ ലോകത്ത് ദുഷ്ടജനത്തിനും ശിഷ്ടജനത്തിനും ഒരുപോലെ അനുഗ്രഹം നൽകുന്ന പരമകാരുണികനാണവൻ. ഭൗതിക വിഭവങ്ങളുടെ വിതരണത്തിൽ വിശ്വാസിയെന്നോ അവിശ്വാസിയെന്നോ, സന്മാർഗിയെന്നോ ദുർമാർഗിയെന്നോ അല്ലാഹു വിവേചനം കൽപിക്കുന്നില്ല. അല്ലാഹുവിന്റെ അനുഗ്രഹ കവാടങ്ങൾ എല്ലാവർക്കുമായി മലർക്കെ തുറന്നിട്ടിരിക്കുകയാണ്. ഉപരോധിച്ചു നിർത്തപ്പെട്ടതിനും വേലികെട്ടി തടഞ്ഞുവെച്ചതിനുമാണ് محظور എന്നു പറയുക. അല്ലാഹുവിന്റെ ദാനത്തിന് യാതൊരുവിധ അതിരും എതിരുമില്ല എന്നാണ് وَمَا كَانَ عَطَاءُ رَبِّكَ مَحْظُورًا എന്ന വാക്യത്തിന്റെ താൽപര്യം. ഭൗതിക നേട്ടങ്ങൾക്കു വേണ്ടിയുള്ള ഉപാധികളും അവസരങ്ങളും മാത്രമല്ല അവൻ നൽകിയിട്ടുള്ളത്. പരലോക നേട്ടത്തിനുള്ള വിഭവങ്ങളും ഇരുകൂട്ടർക്കും ഒരുക്കിക്കൊടുത്തിട്ടുണ്ട്. പക്ഷേ ഒരുവിഭാഗം പരലോക വിജയം അവഗണിച്ച് ഭൗതിക നേട്ടങ്ങൾക്കുള്ള പ്രവർത്തനങ്ങളിൽ മാത്രം ഏർപ്പെടുകയാണ്. അല്ലാഹു നൽകിയ വിഭവങ്ങൾ ഇരു ലോകത്തിന്റെയും നേട്ടത്തിനുവേണ്ടി പ്രയോജനപ്പെടുത്തുകയാണവർ ചെയ്യേണ്ടത്. എന്തിനാണീ മനുഷ്യർ നശ്വരവും നിസ്സാരവുമായ ഭൗതിക ലോകത്തിന്റെ പിമ്പേ മാത്രം പാഞ്ഞ് നടന്ന് അക്ഷയവും അനശ്വരവുമായ പാരത്രിക ജീവിതം പാഴാക്കുന്നത്? എന്തുകൊണ്ടവർ പരലോകത്തിലെ ശാശ്വത സൗഭാഗ്യങ്ങളോടൊപ്പം ഈ ലോകത്ത് വിധിക്കപ്പെട്ട ഭൗതികാഭൗതിക ലാഭങ്ങൾ കൂടി നേടാനുപയുക്തമായ ദൈവിക മാർഗത്തിലൂടെ ചരിക്കാൻ കൂട്ടാക്കുന്നില്ല?!

**21.** അല്ലാഹു തന്നെയാണ് അവനിഛിച്ച ഏറ്റക്കുറവുകളോടെ എല്ലാവരെയും ഭൗതിക വിഭവങ്ങൾ കൊണ്ടനുഗ്രഹിച്ചതെന്ന യാഥാർഥ്യം ഒന്നാലോചിച്ചു നോക്കിയാൽ നിങ്ങൾക്ക് സ്വയം ബോധ്യപ്പെടുന്നതാണ്. ആഗ്രഹിക്കുന്നതെല്ലാം ആർജിക്കാൻ മനുഷ്യനാവില്ല. കൊതിക്കാനേ മനുഷ്യന് സ്വാതന്ത്ര്യമുള്ളൂ. വിധിക്കുന്നതല്ലാഹുവാണ്. ഇതേപ്രകാരം പരലോകത്തും പരമാധികാരം അല്ലാഹുവിന്റെ ഹസ്തത്തിലായിരിക്കും. അവിടെയും അവനുദ്ദേശിക്കുന്നവരെ പ്രതാപികളും പതിതരുമാക്കു

ന്നു. അവിടെ അവന്റെ വിധിതീർപ്പിനെ സ്വാധീനിക്കാൻ കഴിയുന്നവരാരുമില്ല. പദവിയിലും സമ്പത്തിലും മനുഷ്യർക്കിടയിൽ ഈ ലോകത്തു കാണപ്പെടുന്നതിനെക്കാൾ എത്രയോ വലിയ അന്തരമായിരിക്കും പരലോകത്തുണ്ടാവുക. പരലോകത്തെ പദവികളും സൗഭാഗ്യങ്ങളും മനുഷ്യൻ പ്രയത്നിച്ചു നേടേണ്ടതാണ്. ഈ ലോകത്തു തന്നെയാണ് അതാഗ്രഹിക്കേണ്ടതും അതിനുവേണ്ടി പ്രയത്നിക്കേണ്ടതും. പരലോകത്തെത്തിയ ശേഷം അതാഗ്രഹിച്ചതുകൊണ്ട് കാര്യമില്ല. അവിടെ അതിനുവേണ്ടി പ്രയത്നിക്കാനുള്ള അവസരവുമില്ല. അതിനാൽ പാരത്രികമായ ഔന്നത്യങ്ങൾ ലക്ഷ്യമാക്കിയാണ് ഈ ലോകത്ത് മനുഷ്യൻ പ്രഥമമായും പ്രധാനമായും പ്രവർത്തിക്കേണ്ടത്. പക്ഷെ, ഭൗതിക ജീവിതം മാത്രം മോഹിച്ച് പരലോക ജീവിതം പാഴാക്കുകയാണ് അധികമാളുകളും ചെയ്യുന്നത്.

**22.** ഖുർആൻ ഏറ്റവും ശരിയായതിലേക്ക് അഥവാ അല്ലാഹുവിങ്കലേക്കെത്തുന്നതും എത്തിക്കുന്നതുമായ തികച്ചും നേരായ പാതയിലേക്കു നയിക്കുന്നു إِنَّ هَٰذَا ٱلْقُرْءَانَ يَهْدِى لِلَّتِى هِىَ أَقْوَمُ. എന്നുണർത്തിയ ശേഷം അതുമായി ബന്ധപ്പെട്ട ചില തത്ത്വങ്ങൾ ആമുഖമായി പറയുകയായിരുന്നു ഇതുവരെ. ഇവിടം മുതൽ അല്ലാഹുവിലേക്കെത്തിക്കുന്ന കാര്യങ്ങളിൽ ഏറ്റവും പ്രധാനമായ ചിലത് വിശദീകരിക്കുകയാണ്. ഖുർആൻ കാണിച്ചു തന്ന വഴിയാണ് മനുഷ്യ പ്രകൃതിയുടെയും ബുദ്ധിയുടെയും ശരിയായ വഴി. അല്ലാഹു ഇഷ്ടപ്പെടുന്നതും സംസ്കൃത സമൂഹത്തിന്റെയും നാഗരികതയുടെയും അടിത്തറയുമായ ഈ മാർഗം മാത്രമാണ് ജീവിതത്തിൽ നീതിയും നന്മയും സാക്ഷാത്കരിക്കുന്നത്. സൂറഃ അന്നഹ്‌ലിലെ 90-ാം സൂക്തം ഈ സന്ദർഭത്തിൽ അനുസ്മരണീയമാകുന്നു:

۞ إِنَّ ٱللَّهَ يَأْمُرُ بِٱلْعَدْلِ وَٱلْإِحْسَٰنِ وَإِيتَآئِ ذِى ٱلْقُرْبَىٰ وَيَنْهَىٰ عَنِ ٱلْفَحْشَآءِ وَٱلْمُنكَرِ وَٱلْبَغْىِ ۚ يَعِظُكُمْ لَعَلَّكُمْ تَذَكَّرُونَ ﴿٩٠﴾

(അല്ലാഹു നീതിയും നന്മയും പ്രവർത്തിക്കാനും കുടുംബബന്ധങ്ങൾ പുലർത്താനും അനുശാസിക്കുന്നു. നീച കൃത്യങ്ങളും അധർമവും അക്രമവും വിരോധിക്കുന്നു. നിങ്ങൾ പാഠം പഠിക്കാൻ ഉപദേശിക്കുകയാണവൻ). ഇപ്പറഞ്ഞ അടിസ്ഥാന തത്ത്വങ്ങളുടെ പ്രായോഗിക രൂപങ്ങൾ വിവരിക്കുകയാണിനി.

നീ സ്വീകരിച്ചു കൂടാ لَّا تَجْعَلْ എന്നുപറയുന്നത് ഏതെങ്കിലും പ്രത്യേക വ്യക്തിയെ സംബോധന ചെയ്തു കൊണ്ടല്ല. മനുഷ്യവംശത്തിലെ ഓരോ വ്യക്തിയെയുമാണ് സംബോധന ചെയ്യുന്നത്. ഇനി പ്രത്യേക വ്യക്തി തന്നെയാണ് സംബോധിതൻ എന്നു കരുതുകയാണെങ്കിൽ ആ വ്യക്തി തീർച്ചയായും പ്രവാചകനാണ്. സമൂഹത്തിന്റെ നായകൻ എന്ന നിലക്കാണത്. അപ്പോഴും അത് ഏതെങ്കിലും പ്രത്യേക വ്യക്തിയോടു മാത്രമുള്ള കൽപനയാകുന്നില്ല; സമൂഹത്തോടുള്ള കൽപനയാകുന്നു. فَتَقْعُدَ യുടെ ഭാഷാർഥം നീ ഇരുന്നു പോകാൻ എന്നാണ്. ഈ സന്ദർഭത്തിൽ അത് ആയിത്തീരും എന്ന അർഥത്തിലുള്ള فتكون യുടെയോ فتصير യുടെയോ സ്ഥാനത്താണ്. تقعد യിൽ ആയിത്തീരുന്നതിനുപുറമെ ആ അവസ്ഥയിൽ സ്ഥിരമാകും എന്ന ആശയവും കൂടിയുണ്ട്. പുറംനാടുകളിൽ സഞ്ചരിക്കുകയോ പുറംപണികൾക്ക് പോവുകയോ ചെയ്യാതെ വീട്ടിൽ ചടഞ്ഞുകൂടുന്നവരെ القواعد എന്നു പറയും.

ഖുർആൻ നൽകുന്ന നീതിസംഹിതയുടെ പ്രഥമ ഖണ്ഡികയാണ് സാക്ഷാൽ ദൈവവും സത്യദൈവവുമായ അല്ലാഹുവിന്റെ പങ്കാളിയായി മറ്റൊരാരാധ്യനെയും അംഗീകരിക്കാതിരിക്കുക എന്നത്. സ്രഷ്ടാവും ഉടമസ്ഥനും അന്നദാതാവും അവൻ മാത്രമാകുന്നു. അവന്റെ അവകാശങ്ങളിലും ദിവ്യത്വത്തിലും മറ്റുള്ളവർക്കു പങ്കു കൽപിക്കുന്നത് നീതിക്കെതിരും മഹാ അക്രമവുമാണ്. ഈയടിസ്ഥാനത്തിൽ ഖുർആൻ ബഹുദൈവാരാധന-ശിർക്ക്-ഏറ്റവും വലിയ അക്രമമാണെന്നു വിധിച്ചിരിക്കുന്നു. അല്ലാഹുവിൽ അവനല്ലാത്തവർക്ക് പങ്കാളിത്തം കൽപിക്കുന്നതിന്റെ അനന്തരഫലമാണ് فَتَقْعُدَ مَذْمُومًا مَّخْذُولًا. ഒറ്റപ്പെടുത്തപ്പെട്ടവൻ എന്ന് തർജമ ചെയ്തിട്ടുള്ളത് مخذول നെയാണ്. خذل യുടെ കർമവാചിയാണിത്. ഒറ്റപ്പെടുത്തി, ഒറ്റുകൊടുത്തു, നിസ്സഹായനാക്കി ആവശ്യസന്ദർഭത്തിൽ സഹായിക്കാതെ വഞ്ചിച്ചു എന്നൊക്കെ خذل ക്കു അർഥമുണ്ട്. ഈ വചനത്തിൽ يوم القيامة എന്നൊരു വാക്ക് അനുക്തമായിട്ടുണ്ട്. അതായത് അന്ത്യനാളിൽ നീ എല്ലാവരുടെയും ആക്ഷേപത്തിനും അല്ലാഹുവിന്റെ ശിക്ഷക്കും ഇരയാകും. അപ്പോൾ ശുപാർശകരും രക്ഷകരുമായി കരുതി ആരാധിച്ചിരുന്ന ഉപദൈവങ്ങളൊന്നും നിന്നെ സഹായിക്കാനുണ്ടാവില്ല. എല്ലാവരും നിന്നെ ദൈവത്തിന്റെ ശിക്ഷക്ക് വിട്ടുകൊടുത്ത് താന്താങ്ങളുടെ പാടു നോക്കി പോകും. നീ എന്നെന്നും ഒറ്റപ്പെടുത്തപ്പെട്ട നിന്ദിതനായി കഴിയേണ്ടിവരും. ■